**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 733** **10-02-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (എ) | 1. **പട്ടികജാതി/ പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളുടെ രൂപീകരണം**<br>ഒരു ജില്ലയിൽ ഒന്നു വീതം 14 ജില്ലകളിലും പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളുടെ രൂപീകരണം. ആയതു പ്രകാരം 14 ജില്ലകളിലും ഓരോന്നു വീതം പട്ടികജാതി/ പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br>2. **സഹകരണ ലൈബ്രറി**<br>സഹകരണ മേഖലയിലെ ലൈബ്രറികളെ പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടിയും നൂറ് സഹകരണ ഗ്രന്ഥാലയങ്ങൾ നവീകരിക്കുന്നതിനുള്ള ലക്ഷ്യം നിറവേറ്റുന്നതിനായി 'സഹകരണ സംസ്കൃതി' എന്ന സാംസ്കാരികോത്സവം അന്താരാഷ്ട്ര സഹകരണ ദിനത്തിൽ സംഘടിപ്പിച്ചു.<br>3. **മികവ് പരിശീലന പദ്ധതി**<br>സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെ കാലാനുസൃതമായി അവരുടെ അറിവ് (Knowledge) കഴിവ് (Skill), സമീപനം (Attitude) എന്നിവ മാറ്റിയെടുത്തുകൊണ്ട് പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കേണ്ടതിന് സജ്ജരാക്കുന്ന പരിശീലന പരിപാടി.<br>4. **സ്നേഹതീരം-** തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളും, മത്സ്യ വിപണന തൊഴിലാളികളും, തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന വ്യാപാര മൂലധനത്തിനായുള്ള പണം സഹകരണ മേഖല വഴി ലളിതമായ നടപടിക്രമങ്ങളിലൂടെ ലഭ്യമാക്കുന്ന വായ്പ പദ്ധതി.<br>5. **500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതി** - സഹകരണ സംഘം രജിസ്ട്രാറുടെ |

ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ മുഖേന 14 ജില്ലകളിലുമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതി നടപ്പാക്കി.

6. **<u>സഹകരണ സംരക്ഷണ നിധി</u>** - സഹകരണ സംരക്ഷണ നിധി- സംഘങ്ങളുടെ കരുതൽ ധനവും അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടും ഉപയോഗിച്ച് പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി.
7. "**<u>കുടുംബത്തിനൊരു കരുതൽ ധനം"</u>** പ്രകൃതി ദുരന്തങ്ങളിലും, മഹാമാരിയിലും മറ്റ് അടിയന്തിര സാഹചര്യങ്ങളിലും വരുമാനം നിലച്ചു പോകുന്ന കുടുംബങ്ങളെ അത്തരം അടിയന്തിര സാഹചര്യങ്ങളെ അതിജീവിക്കുവാൻ പ്രാപ്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങൾക്കും, ഇടപാടുകാർക്കും വേണ്ടി നടപ്പാക്കുന്ന ഒരു പ്രത്യേക നിക്ഷേപ പദ്ധതിയാണ് "കുടുംബത്തിനൊരു കരുതൽ ധനം " നിക്ഷേപ പദ്ധതി. ടി പദ്ധതി പൈലറ്റായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.
8. **<u>യുവ വനിത സഹകരണ സംഘങ്ങൾ</u>** - യുവ വനിതകളെ സഹകരണ മേഖലയിലേയ്ക്ക് കൊണ്ട് വരുക എന്ന ഉദ്ദേശത്തോടെ കോട്ടയം, തൃശ്ശൂർ കണ്ണൂർ എന്നീ ജില്ലകളിൽ യുവ വനിതകൾക്കായി ആരംഭിച്ച 3 യുവ വനിതാ സഹകരണ സംഘങ്ങളായ കോട്ടയം താലൂക്ക് യുവജന വനിതാ സഹകരണ സംഘം (ക്ലിപ്തം നമ്പർ കെ. 1244) തൃശ്ശൂർ ജില്ലയിലെ കൊരട്ടി യുവ വനിതാ സഹകരണ സംഘം (ക്ലിപ്തം നമ്പർ ആർ. 1566), കണ്ണൂർ യുവ വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം (ക്ലിപ്തം നമ്പർ. സി. 2162) എന്നീ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
9. **<u>പാലിയേറ്റീവ് കെയർ പദ്ധതി</u>** -കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ നടപ്പിലാക്കി. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ

സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്.

10. **<u>അക്ഷര മ്യൂസിയം</u>**- അക്ഷരനഗരിയായ കോട്ടയത്തെ അക്ഷര ട്യൂറിസം ഹബ്ബായിമാറ്റുന്ന പദ്ധതി, അക്ഷരം, എഴുത്ത് രൂപങ്ങൾ, വിവിധ ഭാഷാ വ്യവഹാരങ്ങൾ എന്നിവയെക്കുറിച്ചുള്ള സമ്പൂർണ്ണ മ്യൂസിയം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതതയിൽ കോട്ടയം നാട്ടകത്ത് നിർമ്മിക്കുന്ന പദ്ധതി.
11. **<u>യുവജന സഹകരണ സംഘങ്ങൾ-</u>** സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
12. **<u>കലാകാരൻമാരുടെ സഹകരണ സംഘം</u>** - കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണ സംഘം 15.02.2022-ന് രജിസ്റ്റർ ചെയ്യുകയുണ്ടായി. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശം.
13. **<u>കേരള സ്റ്റേറ്റ് ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം കൊല്ലം ജില്ലയിൽ ക്യൂ 1684</u>**

    സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഒരു സഹകരണ സംഘമാണ് കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഷ്യൽ എസ്റ്റ്ബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ

4511 കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃത്തിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ ക്ഷേമമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തന ലക്ഷ്യം. ആയതിന്റെ ഭാഗമായി ടി സംഘം കൊല്ലം ജില്ലയിൽ ക്യൂ.1684 കൊല്ലം ജില്ല ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എംപ്ലോയീസ് വെൽഫെയർ സംഘത്തിന്റെ സഹായത്തോടു കൂടി കൊല്ലം കളക്ടേറ്റിന് സമീപവും, കൊട്ടിയത്തും കൊട്ടരാക്കരയിലും ഓൺലൈൻ പ്ലാറ്റ്ഫോമിൽ ജോലി ചെയ്യുന്ന ഗിഗ് തൊഴിലാളികളുടെ റിഫ്രഷ്മെന്റ് സെന്ററുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

14. **<u>സയൻസ് & ടെക്നോളജി മാനേജ്മെന്റ് പ്രൊഫഷണൽ സഹകരണ സംഘം (STMPC)</u>**

    വിവിധ ഗവേഷണ സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, മറ്റ് പ്രമുഖ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരുടെ സഹകരണ സംഘം രൂപീകരിക്കുന്ന പദ്ധതിയാണിത്.

15. **<u>ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ഹൈജീനിക് കോഫീ ഷോപ്പ്</u>**

    കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ടൂറിസം ഹോസ്പിറ്റാലി ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന സ്ഥാപനമാണ്. ടി സ്ഥാപനം സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതി പ്രകാരം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഹൈജീനിക് കോഫി ഷോപ്പുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ടി പദ്ധതി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ എത്തുന്ന ജനങ്ങൾക്ക് ചെലവ് കുറഞ്ഞതും ശുചിത്വവും സുരക്ഷിതവുമായ ആഹാര സാധനങ്ങൾ

വിതരണം ചെയ്യുക എന്നതാണ് ലക്ഷ്യമിടുന്നത്.

16. **<u>സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി</u> -** സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി മുഖേന ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ആഫീസ് കെട്ടിടം, ബാങ്കിംഗ് കൗണ്ടർ, ഗോഡൗൺ, കോൺഫറൻസ് ഹാൾ, റീട്ടെയിൽ ഔട്ട് ലെറ്റ്, ടൂറിസ്റ്റ് കോട്ടേജ്, ബയോ കൺട്രോൾ ലാബ് എന്നിവയുടെ നിർമ്മാണത്തിനും നവീകരണത്തിനും, ഫർണിച്ചർ, കംപ്യൂട്ടർ, ജനറേറ്റർ, സോളാർ പാനൽ, ഇൻവർട്ടർ, സി.സി.ടി.വി, സേഫ് ഡെപ്പോസിറ്റ് ലോക്കർ, സ്ട്രോംഗ് റൂം ഡോർ എന്നിവ വാങ്ങുന്നതിനും, എ.റ്റി.എം, കോർ ബാങ്കിംഗ് സംവിധാനം എന്നിവ സ്ഥാപിക്കുന്നതിനും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

17. **<u>കെയർ ഹോം പദ്ധതി</u> -** പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച നൽകുക എന്നത് ലക്ഷ്യമിട്ടുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ കണ്ണാടി 2 – വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

18. **KAPCOS** - നെൽ കർഷകരുടെ സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ – സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി, കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27 ന രൂപീകരിച്ചു.
19. **"ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്"** - സഹകരണ മേഖലയിലെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തെരഞ്ഞെടുത്ത് ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ് മാർക്കോടെ ഇ – കൊമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ട് വരുന്നതിനു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ ഉൽപ്പന്നങ്ങൾ ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി നടപ്പാക്കി.
20. **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)**

    കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തതന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ളതാണ് ടി പദ്ധതി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, അതിന്റെ

ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോത്പ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

21. **<u>സഹകരണം സൗഹൃദം</u>** - സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന **"സഹകരണം സൗഹൃദം"** എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.
22. **<u>ടർഫുകൾ നിർമ്മിക്കുന്ന പദ്ധതി</u>** - രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ജില്ലകളിൽ ഓരോ ഇൻഡോർ ഫുട്ബോൾ/ ക്രിക്കറ്റ്/ ബാഡ്മിന്റൺ ടർഫുകൾ സജ്ജമാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 7 ജില്ലകളിൽ സംഘങ്ങളുടെ കീഴിൽ ടർഫുകൾ നിർമ്മിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.
23. **<u>സഹായ ഹസ്തം വായ്പാ പദ്ധതി</u>** - സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി.
24. **<u>നൈപുണ്യം പദ്ധതി</u>** - സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിനകർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖാന്തിരം ASAP-

KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ് ഫീ വായ്പയായി നൽകുന്നതിന് നൈപുണ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

25. **<u>സൗരജ്യോതി പദ്ധതി</u>** - സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറ്റദിന കർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖാന്തിരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി 3 ലക്ഷം രൂപ വരെ വായ്പ വിതരണം ചെയ്യുന്നതിനായി സൗരജ്യോതി പദ്ധതി നടപ്പിലാക്കി.
26. **<u>വിദ്യാതരംഗിണി പദ്ധതി</u>** - കോവിഡ് കാലത്ത് ഓൺലൈൻ പഠനം നടത്തുന്നതിനു വേണ്ടി അർഹരായ വിദ്യാർഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിനു വേണ്ടി പലിശ രഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി പദ്ധതി നടപ്പാക്കി.
27. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി ഉയർത്തുന്ന പദ്ധതി നടപ്പാക്കി.
28. റിസ്ക് ഫണ്ട് മരണാനന്തര ധന സഹായം 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയാക്കുകയും, ചികിത്സാ ധന സഹായം 1 ലക്ഷം രൂപയിൽ നിന്നും 1.25 ലക്ഷം രൂപയാക്കി ഉയർത്തുകയും ചെയ്തു.
29. **<u>ശുചിത്വം സഹകരണം പദ്ധതി</u>** - സഹകരണ വകുപ്പിന്റെ ആഫീസുകളെല്ലാം സമ്പൂർണ്ണ മാലിന്യമുക്ത ആഫീസുകളാക്കി മാറ്റുകയുണ്ടായി .
30. **<u>സഹകരണ പരീക്ഷാബോർഡിനുള്ള ധനസഹായം</u>**- ടി പദ്ധതിയിലൂടെ സഹകരണ പരീക്ഷാ ബോർഡിൽ ഒറ്റത്തവണ രജിസ്ട്രേഷൻ, ഡിജിറ്റൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ തുടങ്ങിയവ ഏർപ്പെടുത്തി.
31. കേപ്പിന്റെ ആസ്ഥാനമന്ദിര നിർമ്മാണം പൂർത്തിയായി.
32. സഹകരണ എക്സ്പോ 2022, 2023 വിജയകരമായി സംഘടിപ്പിച്ചു.
33. കേപ്പിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രം സ്ഥാപിച്ചു.

34. സഹകരണ റിസോർട്ട് ഇടുക്കി ജില്ലയിൽ സ്ഥാപിച്ചു.

35. **മെറ്റീരിയൽ ബാങ്ക്** - കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ ബ്രാൻഡിൽ നിർമ്മാണ മേഖലയിൽ ആവശ്യമുള്ള സാമഗ്രികൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ആധുനിക മെഷീനറികളുടെ സേവനം നിർമ്മാണ മേഖലയിൽ പരിപോഷിപ്പിക്കുന്നതിനായി മെറ്റീരിയൽ ബാങ്ക് തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതി.

36. **സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും** സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും പദ്ധതിയിൽ ഉൾപ്പെടുത്തി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെയും ഐ ടി ഓഡിറ്റ് സെല്ലിന്റെയും രൂപീകരണം, ടീം ഓഡിറ്റിനായി ലാപ്ടോപ്പുകൾ വാങ്ങൽ, ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് പരിശീലനം, സംസ്ഥാനത്തുനടനീളമുള്ള ഓഡിറ്റ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, ഓഡിറ്റ് ഓഫീസുകൾക്കായി വാഹനങ്ങൾ വാടകയ്ക്കെടുക്കൽ/ കരാറിലെടുക്കൽ, ഓഡിറ്റ് ഡയറക്ടർക്കായുള്ള വാഹനം വാങ്ങൽ എന്നീ വിവിധഘടകങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം പൂർണ്ണമായും നടപ്പാക്കുകയുണ്ടായി.

37. സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് സർക്കാരിന്റെ 07.06.2024 ലെ 1829 -ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024 ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023 07.06.2024 ലെ No. 142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 38. കേരള സഹകരണ സംഘ (ഭേദഗതി) നിയമം, 2023 ന അനുസൃതമായി കേരള സഹകരണ സംഘം ചട്ടം, സർക്കാരിന്റെ 31.12.2024 ലെ G.O.(P) No.232/2024/Co-op നമ്പർ ഉത്തരവ് പ്രകാരമുള്ള ചട്ടഭേദഗതി എസ്.ആർ.ഒ നമ്പർ 1203/2024 പ്രകാരം 31.12.2024 ലെ 4134-ാം നമ്പർ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ